# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5231 — 27-07-2015 -ൽ മറുപടിക്ക്

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലെ പുതിയ നിബന്ധനകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ടി.എ.റഹീം | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് പുതിയ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് ഏർപ്പെടുത്തി യിട്ടുള്ള പുതിയ നിബന്ധനകൾ സ.ഉ(എംഎസ്) 194/2015/ഡിഎംഡി തീയതി പ്രകാരമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് റോഡ് നിർമ്മാണത്തിന് സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഓർഡിനറി റിപ്പയർ, പീരിയോഡിക്കൽ റിപ്പയർ നിരക്കുകളുടെ അഭാവത്തിൽ സ്റ്റേറ്റ് ഹൈവേ/ പ്രധാന ജില്ലാ റോഡുകൾക്ക് കി.മി ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിലും ഗ്രാമീണ റോഡുകൾക്ക് കി.മി ഒന്നിന് 60,000/- രൂപ നിരക്കിലും അനുവദിക്കുന്നു. |
| ബി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിൽ റോഡ് പ്രവർത്തികൾ നടത്താൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | ബി) | പ്രകൃതിക്ഷോഭം മൂലം തകരാറിലാവുന്ന റോഡുകളുടെ അടിയന്തിര പുന:സ്ഥാപിക്കലാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം സാധ്യമായിട്ടുള്ളത്. പുതുതായി റോഡ് നിർമ്മിക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ പരിധിയിൽ വരുന്നില്ല. |
| സി) | ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ? | സി) | കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ദുരന്ത പ്രതികരണ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളിൽ സംസ്ഥാന സർക്കാരിന് വ്യത്യാസം വരുത്താനാവുകയില്ല. |

സെക്ഷൻ ഓഫീസർ